"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ല - മങ്കട ഉപജില്ല സ്കൂൾ കലോത്സവം - തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെട്ടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2810/2022/LSGD തീയതി,തിരുവനന്തപുരം, 15-11-2022

---

പരാമർശം:- 1.മങ്കട ഉപജില്ല സ്കൂൾ കലോത്സവം സ്വാഗത സംഘം ചെയർമാന്റെ 1-11-22 ലെ 8/2022 നമ്പർ കത്ത്

2.ശ്രീ.മഞ്ഞളാംകുഴി അലി എം.എൽ.എ യുടെ 06.11.2022 ലെ 183/MALI/2022 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിലെ കടുങ്ങപുരം ഗവ.ഹയർസെക്കണ്ടറി സ്കൂളിൽ 2022 നവംബർ 14 മുതൽ 17 വരെ നടത്താൻ നിശ്ചയിച്ചിരിക്കുന്ന മങ്കട ഉപജില്ല സ്കൂൾ കലോത്സവത്തിന്റെ വിജയകരമായ നടത്തിപ്പിനായി മങ്കട ഉപജില്ലയിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽനിന്ന് ധനസഹായം അഭ്യർത്ഥിച്ചു കൊണ്ടുള്ള പരാമർശം(1) കത്ത്, ശ്രീ.മഞ്ഞളാംകുഴി അലി എം.എൽ.എ പരാമർശം (2) പ്രകാരം ശുപാർശ ചെയ്ത് സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2022 നവംബർ 14 മുതൽ 17 വരെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിലെ കടുങ്ങപുരം ഗവ.ഹയർസെക്കണ്ടറി സ്കൂളിൽ നടക്കുന്ന മങ്കട ഉപജില്ല സ്കൂൾ കലോത്സവത്തിന്റെ വിജയകരമായ നടത്തിപ്പിനായി പുഴക്കാട്ടിരി, കുറുവ, കൂട്ടിലങ്ങാടി, മക്കരപ്പറമ്പ്, മങ്കട, അങ്ങാടിപ്പുറം, മൂർക്കനാട് എന്നീ ഗ്രാമപഞ്ചായത്തുകളിലെ തനത് ഫണ്ടിൽ നിന്നും 30,000/- രൂപ(മുപ്പതിനായിരം രൂപ) വീതം വിനിയോഗിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

3. ധനസഹായം നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംഘാടക സമിതി കൺവീനർ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

പ്രസിഡന്റ് /സെക്രട്ടറി, മലപ്പുറം ജില്ലാ പഞ്ചായത്ത്.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കാണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
ചെയർപേഴ്സൺ,, മങ്കട ഉപജില്ലാ സ്കൂൾ കലോൽസവം സംഘാടക സമിതി
എക്സിക്യൂട്ടീവ് ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Sheeba Beegom.a.m**
**Date: 15-11-2022 14:24:14**
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എക്ക്